ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ഡൽഹിയിൽ വിദേശകാര്യ മന്ത്രിയുമായും മറ്റ് ബന്ധപ്പെട്ടവരുമായും നിരന്തരമായി നടത്തിയ ചർച്ചകളുടേയും ഇടപെടലുകളുടേയും ഫലമായി 45 മലയാളി നഴ്സുമാരെ പ്രത്യേക വിമാനത്തിൽ ജൂലൈ 5-ന് നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇറാഖിൽ കുടുങ്ങിയ കൂടുതൽ മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുവരികയാണ്. നിരവധി മലയാളികൾ ഓരോ ദിവസവും വരുന്നതിനാൽ എണ്ണം കൃത്യമായി പറയാൻ നിവൃത്തിയില്ല.

നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ

54 (7351) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തിവരുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം രാജ്യങ്ങളിലെ മലയാളികൾക്കാണ് പ്രസ്തുത ഹെൽപ്പ് ഡെസ്ക്കിന്റെ സേവനം ലഭ്യമാക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ - ഡി) ഗൾഫ് രാജ്യങ്ങളിലുള്ള പ്രവാസി കേരളീയർക്ക് സർക്കാർ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതികളുടെ അപേക്ഷയും മറ്റ് വിവരവും ലഭ്യമാക്കുന്നതിനും അടിയന്തര ഘട്ടങ്ങളിൽ നോർക്കയുടെ സേവനം എത്രയുംവേഗം പ്രവാസികൾക്ക് ലഭ്യമാക്കുന്നതിനുമായി ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദ്യപടിയായി ബഹ്റിനിൽ നോർക്ക-റൂട്ട്സ് ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പ്രവാസി മലയാളികളിൽനിന്ന് ലഭിച്ച വരുമാനം

55 (7352) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ പക്കൽനിന്ന് കഴിഞ്ഞ 3 വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനത്തിന്റെ കണക്കുകൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ മുൻകൈ എടുത്ത് പ്രവാസികളുടെ വരുമാനം നിക്ഷേപിച്ച് പൊതുമേഖലാ സംരംഭങ്ങളും പദ്ധതികളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിലവിലുള്ള പ്രവാസി മലയാളികളുടെ നിക്ഷേപത്തിന്റെ കണക്കുകൾ താഴെപ്പറയുന്നു:

31-3-2012 - 48484 കോടി രൂപ

31-3-2013 - 66190 ,,

31-3-2014 - 93883 ,,

(ബി) പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപസാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി 'നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ്വഴി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി മറ്റൊരു പുതിയ പദ്ധതിക്കും (engaging diaspora for investment in the state) രൂപം നൽകിവരികയാണ്. കൂടാതെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-യുമായി സഹകരിച്ച് പ്രവാസികൾ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അഞ്ച് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ

56 (7353) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പുരസ്കാരങ്ങൾ നൽകുന്നതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly